**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3525 17.12.2015-ന് മറുപടി നൽകേണ്ടത്

**വിവരാവകാശ കമ്മീഷനിൽ ഒഴിവിലേയ്ക്കുള്ള നിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2.12.2015-ലെ 48308/സിഡിഎൻ5/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം നിലവിലുള്ള 4 ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. പ്രമുഖ പത്രമാധ്യമങ്ങളിലെല്ലാം പത്രക്കുറിപ്പായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള സർക്കാരിന്റെ വെബ്സൈറ്റായ www.kerala.gov.in ലും ഇത് സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാന വിവരാവകാശ കമ്മീഷനിലെ കമ്മീഷണറെയും അംഗങ്ങളെയും നിയമിക്കുന്നതിന് നിബന്ധനകളെന്തെങ്കിലും നിലവിലുണ്ടോ : | (സി) (ഡി) | വിവരാവകാശ ആക്ട് 2005-ലെ നിബന്ധനകൾ അനുസരിച്ചാണ് സംസ്ഥാന വിവരാവകാശ കമ്മീഷനിലെ കമ്മീഷണറെയും അംഗങ്ങളെയും നിയമിക്കുന്നത്. പ്രസ്തുത ആക്ടിലെ സെക്ഷൻ 15 ഉപവകുപ്പ് (5), (6) പ്രകാരമാണ് സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറെയും വിവരാവകാശ കമ്മീഷണർമാരെയും നിയമിക്കുന്നത്.<br>സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർമാരും നിയമത്തിലോ ശാസ്ത്രത്തിലോ സാങ്കേതിക ശാസ്ത്രത്തിലോ സാമൂഹ്യ സേവനത്തിലോ മാനേജ്മെന്റിലോ പത്രപ്രവർത്തനത്തിലോ ബഹുജന മാധ്യമപ്രവർത്തനത്തിലോ ഭരണത്തിലോ ഭരണ നിർവ്വഹണത്തിലോ, വിപുലമായ അറിവും അനുഭവ ജ്ഞാനവും ഉള്ളവരും പൊതുജീവിതത്തിൽ ഔന്നത്യം ഉള്ളവരുമായ വ്യക്തികൾ ആയിരിക്കേണ്ടതാണ്.<br>സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ, ഒരു സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറോ, അതത് സംഗതി പോലെ, പാർലമെന്റിലെയോ ഏതെങ്കിലും സംസ്ഥാനത്തിലെയോ കേന്ദ്രഭരണ പ്രദേശത്തിലെയോ നിയമസഭയിലെ അംഗമായിരിക്കുകയോ ആദായകരമായ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുകയോ, ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോട് ബന്ധപ്പെട്ടിരിക്കുകയോ, ഏതെങ്കിലും ബിസിനസ് നടത്തിക്കൊണ്ടിരിക്കുകയോ ഏതെങ്കിലും തൊഴിലിൽ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാണ്.<br>ബഹു. സുപ്രീം കോടതി വിവരാവകാശവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിയിൽ ഇൻഫർമേഷൻ കമ്മീഷണർമാരുടെ നിയമനം സുതാര്യമായ രീതിയിലും കുറ്റമറ്റ രീതിയിലും നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ